# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4059 | 18/10/2011-ൽ മറുപടിയ്ക്ക്

## വാമനപുരം മണ്ഡലത്തിലെ റോഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോലിയക്കോട്.എൻ.കൃഷ്ണൻനായർ | ശ്രീ.വി.കെ ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ എത്ര റോഡുകൾ നവീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; പട്ടിക ലഭ്യമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ രണ്ട് റോഡുകൾക്ക് 13-ാം ധനകാര്യ കമ്മീഷൻ പ്രകാരം നവീകരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നെടുമങ്ങാട് സബ്ഡിവിഷന്റെ പരിധിയിലുള്ള വാമനപുരം ചിറ്റൂർ റോഡ് കി.മി 11/200 മുതൽ 12/000 വരെ 15 ലക്ഷം രൂപയ്ക്കും കല്ലറ മുതുവിള റോഡ് കി.മി 5/600 മുതൽ 7/200 വരെ 20 ലക്ഷം രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) വാമനപുരം നിയോജകമണ്ഡലത്തിൽ ആകെയുള്ള പി.ഡബ്ല്യു.ഡി റോഡുകളും അവയുടെ ദൈർഘ്യവും വിശദമാക്കുമോ? | (ബി) വാമനപുരം നിയോജക മണ്ഡലത്തിൽ ആകെ 35 പി.ഡബ്ല്യു.ഡി റോഡുകളാണ് ഉള്ളത്. 214.715 കി.മി ആണ് അവയുടെ ദൈർഘ്യം. വിശദവിവരം ഇതിനോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |

Dhanesh

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.